8040/ഉപ.സി3/10 എന്ന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂട്ട വിരമിക്കൽമൂലം ഉണ്ടാകുന്ന ഉയർന്ന തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിന് D.P.C list-കൾ കാലേകൂട്ടി തയ്യാറാക്കി സൂക്ഷിക്കുന്നതിനും പൊതു സ്വഭാവം മാറ്റങ്ങൾ നേരത്തേ ആക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ 31-3-2011-ന് മുമ്പ് കാലാവധി അവസാനിക്കുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-5-2011 വരെ ദീർഘിപ്പിക്കുകയും ചെയ്തു. പ്രവേശന തസ്തികകളിൽ ഉദ്യോഗാർത്ഥികളെ സൂപ്പർ ന്യൂമററിയായി നിയമിക്കുന്നതുകൊണ്ട് ടി തസ്തികകൾക്ക് നിയമനത്തിന് കാലതാമസം ഉണ്ടാകുന്നില്ല.

പി.എസ്.സി. ഉദ്യോഗ നിയമന രീതി

25 (54) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി.എസ്.സി. ഒരു തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊണ്ട് അപേക്ഷ ക്ഷണിക്കുന്നത് മുതൽ ആ തസ്തികയിൽ ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതുവരെ സ്വീകരിക്കുന്ന രീതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എഴുത്ത് പരീക്ഷ നടത്താതെ അപേക്ഷ ക്ഷണിച്ച് നേരിട്ടുള്ള കൂടിക്കാഴ്ച മാത്രം നടത്തി എത്ര തസ്തികകൾക്കായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

സ്വന്തം ജില്ലയിൽ പി.എസ്.സി. പരീക്ഷ എഴുതുന്നവർക്ക് ഗ്രേസ്മാർക്ക് അനുവദിക്കാൻ നടപടി

26 (57) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം ജില്ലയിൽ പി.എസ്.സി. പരീക്ഷ എഴുതുന്ന ഒരാൾക്ക് അഞ്ച് മാർക്ക് വീതം ഗ്രേസ്മാർക്ക് അനുവദിക്കണമെന്ന ഒരു നിർദ്ദേശം പി.എസ്.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(ബി) കോഴിക്കോട്, കാസർഗോഡ് തുടങ്ങിയ വടക്കൻ ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഏറിയ പങ്കും കേരളത്തിന്റെ തെക്കൻ ജില്ലകളിൽ നിന്നുള്ളവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർ സ്വന്തം ജില്ലകളിലേക്ക് സ്ഥലം മാറിപ്പോകുന്നതുമൂലം വടക്കൻ ജില്ലകളിൽ ജീവനക്കാരുടെ കുറവും അതുമൂലമുണ്ടാകുന്ന പ്രതിസന്ധികളും സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും ഉദ്യോഗ രംഗത്ത് താരതമ്യേന പിന്നിൽ നിൽക്കുന്ന വടക്കൻ ജില്ലക്കാർക്ക് പ്രാതിനിധ്യം വർദ്ധിക്കുന്നതിനും ഗ്രേസ്മാർക്ക് എന്ന നിർദ്ദേശം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly